## പാഠം 17

# യേശുവിന്റെ ക്രൂശുമരണം

**വേദഭാഗം** : യോഹ. 19 : 17–30,
മർക്കൊ. 15 : 21–41,
ലൂക്കൊ. 23; 26–49,
മത്താ. 27:32–60

**തങ്കവാക്യം** : 1 പത്രൊ. 2:24

*നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി. അവന്റെ അടിപ്പിണരുകളാൽ നിങ്ങൾക്ക് സൗഖ്യം വന്നിരിക്കുന്നു.*

**പാഠം**

പീലാത്തോസ് യേശുവിനെ ക്രൂ ശിൽ തറച്ചു കൊല്ലുവാൻ വിധിച്ചശേഷം പട്ടാളം തന്നെ കയ്യേറ്റു. പട്ടാളക്കാർ മുൾ കിരീടധാരിയായ യേശുവിനെ യഹൂദന്മാരുടെ രാജാവേ ജയ ജയ എന്നു പറഞ്ഞു പരിഹസിക്കുകയും പലവിധത്തിൽ ഉപദ്രവിക്കുകയും ചെയ്തു അതിനുശേഷം ഭാരമേറിയ മരക്കുരിശ് യേശുവിന്റെ തോളിൽ വെച്ച് ചുമപ്പിച്ചുകൊണ്ട് എബ്രായഭാഷയിൽ ഗോൽഗോഥഎന്നു പേരു ള്ള തലയോടിടം (ഇംഗ്ലീ ഷിൽ കാൽവറി) എന്ന സ്ഥലത്തേക്കു നടത്തി. അവ നെ കൊണ്ടു പോകുമ്പോൾ വയലിൽ നിന്നു വന്ന ശീമോൻ എന്ന കുറേനക്കാരനെ അവർ പിടിച്ച് യേശുവിന്റെ പിന്നാലെ നടന്ന് ക്രൂശിന്റെ പിൻഭാഗം വഹിക്കുവാൻ നിർബന്ധിച്ചു. ഇപ്രകാരം യേശുവിന്റെ ക്രൂശുചുമന്ന ശീമോന്റെ മക്കളായ രൂഫോസും, അലക്സന്തരും പിൽക്കാലത്ത് ക്രിസ്തീയ സഭയിൽ പ്രസിദ്ധരായിത്തിർന്നു.

**ഫോക്കസ് / FOCUS**

**യേശു ക്രൂശിൽ മരണം വരിച്ചതെന്നു മനസിലാക്കുക**

**Understand that Jesus died for us on the cross**

## Lesson 17

# JESUS' DEATH ON THE CROSS

**Scripture** : John 19: 17-30,
Mark 15:21-41,
Luke 23:26-49,
Matthew 27:32-60

**Memory Verse** : 1 Peter 2:24

*"He himself bore our sins in his body on the cross, so that we might die to sins and live for righteousness; by his wounds you have been healed.*

**Lesson**

After Pilate sentenced Jesus to die on the cross, the soldiers took over his crucifixion. The soldiers put a crown of thorns on Jesus' head and mocked Him saying, "Hail! King of the Jews!" They put a heavy wooden cross on His shoulders and led Him to the hill called Golgotha. (Golgotha means 'the place of the skull') As they were going out, they met a man from Cyrene, named Simon, and they forced him to carry the cross. Rufus and Alexander, sons of this Simon, later became well known in the Christian church. (Mark 15:21, Romans 16:13) A big crowd of people including women went following Jesus weeping and wailing. Jesus turned back and said, "Daughters of Jerusalem do not cry for me. Cry for yourselves and your children." The soldiers also led two criminals to be crucified along with Jesus.

(മർക്കൊ. 15: 21, റോമർ 16:13) ഒരു വലിയ സമൂഹവും യേശുവിനെ ഓർത്ത് വിലപിക്കുന്ന അനേകം സ്ത്രീകളും അവന്റെ പിന്നാലെ ചെന്നു. യേശു തിരിഞ്ഞ് അവരെ നോക്കി യെരുശലേം പുത്രിമാരെ എന്നെ ചൊല്ലി കരയേണ്ട, നിങ്ങളേയും നിങ്ങളുടെ മക്കളേയും ചൊല്ലി കരയുവീൻ എന്നു പറഞ്ഞു. യേശുവിനോടു കൂടെ ക്രൂശിക്കേണ്ടതിന് ദുഷ്പ്രവൃത്തിക്കാരായ രണ്ടു പേരെയും അവർ കൊണ്ടു പോയി.

## ക്രൂശീകരണം

തലയോടിടം (Place of Skulls) എന്ന സ്ഥലത്ത് എത്തിയപ്പോൾ അവർ യേശുവിന് കൈയ്പ്പുകലക്കിയ വീഞ്ഞ് കുടിപ്പാൻ കൊടുത്തു. അതു രുചിച്ചു നോക്കിയാറെ അവന് കുടിപ്പാൻ മനസ്സായില്ല. അതിനുശേഷം ക്രൂശു നിലത്തു വെച്ചിട്ട് നീണ്ട ഇരുമ്പാണികൊണ്ട് യേശുവിന്റെ കൈകൾ ക്രൂശിന്റെ ഇരുവശങ്ങളിലും കാലുകൾ അടിവശത്തും ക്രൂശിനോടു ചേർത്തു തറച്ചു. യേശുവിന്റെ തലയ്ക്കുമീതെ തന്റെ കുറ്റസംഗതിയായി യഹൂദന്മാരുടെ രാജാവ് എന്നെഴുതിയ ഒരു ചെറിയ പലക കഷ്ണം തറച്ചിരുന്നു. മഹാപുരോഹിതന്മാരും, ശാസ്ത്രിമാരും, മൂപ്പന്മാരും, മാത്രമല്ല അതുവഴി കടന്നു പോകുന്നവരും തലകുലുക്കിയേശുവിനെ ദുഷിച്ചു. യേശു ക്രൂശിന്മേൽ കിടന്നുകൊണ്ട് ഉച്ചരിച്ച ഏഴു വാക്യങ്ങൾ

1. പിതാവേ ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കേണമേ. ലൂക്കൊ.23 : 34.
2. അനുതപിച്ച കള്ളനോട് യേശു നീ ഇന്ന് എന്നോടു കൂടെ പറുദ്ദീസയിൽ ഇരിക്കും എന്നു പറഞ്ഞു. ലൂക്കൊ. 23:43
3. യേശു തന്റെ അമ്മയോട് സ്ത്രീയെ ഇതാ നിന്റെ മകൻ എന്നും തന്റെ ശിഷ്യനായ യോഹന്നാനോട് ഇതാ നിന്റെ അമ്മ എന്നും പറഞ്ഞു. യോഹ. 19:26–27
4. എനിക്കു ദാഹിക്കുന്നു. യോഹ. 19:28
5. എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത്. മത്താ. 27:46
6. നിവൃത്തിയായി യോഹ. 19:30
7. പിതാവേ ഞാൻ എന്റെ ആത്മാവിനെ തൃക്കൈയിൽ ഏൽപ്പിക്കുന്നു. ലൂക്കൊ. 23:46

## CRUCIFIXION

They came to a place called Golgotha (which means “the place of the skull”). There they offered Jesus wine to drink, mixed with gall; but after tasting it, he refused to drink it. They erected the cross and nailed the hands and feet of Jesus to the cross. Above his head they placed the written charge against him: THIS IS JESUS, THE KING OF THE JEWS. All those who passed by hurled insults at him. In the same way the chief priests, the teachers of the law and the elders mocked him. In the same way the rebels who were crucified with him also heaped insults on him. The seven sayings of Jesus are given below

1. Father, forgive them, for they do not know what they are doing. (Luke 23:34)
2. Truly I tell you, today you will be with me in paradise. (Luke 23:43)
3. Jesus told His mother, “Woman, here is your son,” and to the disciple, ”Here is your mother.” (John 19:26-27)
4. I am thirsty. (John 19:28)
5. My God, my God, why have you forsaken me? (John 27:46)
6. It is finished. (John 19:30)
7. Father, into your hands I commit my spirit. (Luke 23:46)

## EVENTS THAT HAPPENED DURING THE CRUCIFIXION

1. The soldiers divided the clothes of Jesus (tunic, inner garment, turban and sandals) among four people. They cast lots for the cloak, which was woven as a single piece of cloth.
2. One thief who hung next to Jesus cursed Him. The other thief repented of his sins

## യേശുവിന്റെ ക്രൂശീകരണത്തോടു അനുബന്ധിച്ചു നടന്ന സംഭവങ്ങൾ

1. പടയാളികൾ യേശുവിന്റെ വസ്ത്രങ്ങൾ (അടിവസ്ത്രം, മേൽവസ്ത്രം, ശിരോ വസ്ത്രം, ചെരിപ്പ് ) നാല് പേർക്കായി പങ്കിട്ടുകൊടുത്തു. തുന്നൽ ഇല്ലാതെ ഒന്നായി നെയ്തിരുന്ന അങ്കിക്കായി അവർ ചീട്ടിടുകയും ചെയ്തു.
2. യേശുവിനോടുകൂടെ ക്രൂശിക്കപ്പെട്ട ഒരു കള്ളൻ യേശുവിനെ ദുഷിച്ചു. എന്നാൽ മറ്റേ കള്ളൻ അനുതപിച്ച് യേശുവിൽ വിശ്വസിക്കുകയും യേശുവിനോട് രക്ഷയ്ക്കായി അപേക്ഷിക്കുകയും ചെയ്തു.
3. യേശു തന്റെ അമ്മയായ മറിയമിനെ തന്റെ ശിഷ്യനായ യോഹന്നാനെ ഭരമേൽപ്പിച്ചു.
4. ഏകദേശം ആറാം മണി (ഉച്ച) ആയപ്പോൾ സൂര്യൻ ഇരുണ്ടുപോയിട്ട് ഒൻപതാം മണി വരെ ദേശത്ത് ഒക്കെയും അന്ധകാരം ഉണ്ടായി.
5. ഒൻപതാം മണി നേരത്ത് യേശു പ്രാണനെ വിട്ടു. അപ്പോൾ ദേവാലയത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയി, ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, കല്ലറകൾ തുറന്ന് പല വിശുദ്ധന്മാരും ഉയർത്തെഴുന്നേറ്റു.
6. പടയാളികളിൽ ഒരുത്തൻ കുന്തംകൊണ്ട് യേശുവിന്റെ വിലാപ്പുറത്ത് കുത്തി. ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു..
7. മേൽപ്പറഞ്ഞ സംഭവങ്ങൾ കണ്ട ശതാധിപൻ അവൻ ദൈവപുത്രനായിരുന്നു സത്യം എന്നു പറഞ്ഞു.

സന്ധ്യയായപ്പോൾ അരിമഥ്യക്കാരനായ യോസേഫ് എന്ന മന്ത്രി (യഹൂദന്മാരുടെ സന്നദ്രീം സംഘത്തിന്റെ അംഗം) പീലാത്തോസിന്റെ അടുക്കൽ ധൈര്യത്തോടെ ചെന്ന് യേശുവിന്റെ ശരീരം ചോദിച്ചു. അദ്ദേഹം നല്ലവനും, നീതിമാനും, ധനവാനും, ദൈവരാജ്യത്തെ കാത്തിരുന്നവനും യേശുവിന്റെ ഒരു രഹസ്യ ശിഷ്യനുമായിരുന്നു. പീലാത്തോസ് അനുവദിക്കയാൽ അവനും, യേശുവിന്റെ മറ്റൊരു രഹസ്യ ശിഷ്യനുമായിരുന്ന നിക്കോദിമോസും കൂടി, യേശുവിന്റെ ശരീരം ഏറ്റുവാങ്ങി സുഗന്ധവർഗ്ഗത്തോടുകൂടി ശീലകൾ (വസ്ത്രങ്ങൾ ) കൊണ്ട് പൊതിഞ്ഞുകെട്ടി. അരിമഥ്യക്കാരനായ യോസേ

and believed in Jesus and requested Him for salvation.

3. Jesus gave John the responsibility of taking care of His mother Mary.
4. There was darkness all around from noon till three in the afternoon.
5. About three in the afternoon Jesus cried out in a loud voice and gave up his spirit. At that moment the curtain of the temple was torn in two from top to bottom. The earth shook, the rocks split and the tombs broke open. The bodies of many holy people who had died were raised to life. They came out of the tombs after Jesus' resurrection and went into the holy city and appeared to many people.
6. One of the soldiers pierced Jesus' side with a spear, bringing a sudden flow of blood and water.
7. When the centurion and those with him who were guarding Jesus saw the earthquake and all that had happened, they were terrified, and exclaimed, "Surely he was the Son of God!"

As evening approached, there came a rich man from Arimathea, named Joseph, who had himself become a disciple of Jesus. He was a member of the Sanhedrin Council, a good and upright man, who had not consented to their decision and action. He came from the Judean town of Arimathea, and he himself was waiting for the kingdom of God. With Pilate's permission, he came and took the body away. He was accompanied by Nicodemus, another secret disciple who earlier had visited Jesus at night. Nicodemus brought a mixture of myrrh and aloes, about seventy-five pounds. Taking Jesus' body, the two of them wrapped it, with the spices, in strips of linen. This was in accordance with Jewish burial customs.

ഫിന് യേശുവിനെ ക്രൂശിച്ച സ്ഥലത്തിനടുത്ത് ഒരു തോട്ടം ഉണ്ടായിരുന്നു. ആ തോട്ടത്തിൽ അദ്ദേഹം നിർമ്മിച്ചിരുന്ന പുതിയ കല്ലറയിൽ യേശുവിന്റെ ശരീരം അടക്കി. തുടർന്ന് യഹൂദ പ്രമാണികളുടെ ആവശ്യപ്രകാരം പീലാത്തോസ് കല്ലറയ്ക്ക് മുദ്രവെയ്ക്കുകയും പട്ടാളക്കാരെ കാവൽ നിർത്തുകയും ചെയ്തു. യേശു താൻ മൂന്നാം ദിവസം ഉയർത്തെഴുന്നേൽക്കും എന്ന് മുൻകൂട്ടി പറഞ്ഞിരുന്നതുകൊണ്ടാണ് അവർ അങ്ങനെ ചെയ്തത്. യേശുക്രിസ്തുവിന്റെ മരണം ഒരു രക്തസാക്ഷി മരണമായിരുന്നില്ല. യേശു ലോകത്തിൽ വന്നതു തന്നെ മനുഷ്യരായ നമ്മുടെ പാപങ്ങളെ വഹിച്ചുകൊണ്ട് നമുക്കുവേണ്ടി മരിച്ച് നമ്മെ പാപത്തിൽ നിന്നും മരണത്തിൽ നിന്നും വിടുവിക്കുന്നതിനത്രേ. ഈ സത്യം അംഗീകരിച്ച് യേശുവിൽ വസിക്കുന്നവർ രക്ഷിക്കപ്പെട്ട് നിത്യജീവന് അവകാശികളാകുന്നു. നിങ്ങൾ ഈ അനുഭവം പ്രാപിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ ഇന്നു തന്നെ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുക.

Joseph of Arimathea had a garden near to where Jesus was crucified. He buried Jesus in a new tomb that he had hewn out of a rock. Under pressure from the Jewish leaders, Pilate ordered the tomb be sealed and guards posted at its entrance. They did this because Jesus said that He will rise up on the third day. Jesus' death was not martyrdom. He came into this world to die for the salvation and deliverance of those who live in sin. Everyone who believes in the name of Jesus will receive eternal life. Have you had the experience of salvation? If not, then accept Jesus into your life today.

നിങ്ങൾക്ക് കുറിപ്പ് എഴുതാനുള്ള സ്ഥലം / *Write your notes here*

## I. വിദ്യാർഥികളുമായി ചർച്ച ചെയ്യുക. Discuss with the students

1. ഗോൽഗോഥാ എന്ന വാക്കിനു പകരം ഉപയോഗിക്കാവുന്ന രണ്ടു വാക്കുകൾ പറയുക. ഈ വാക്കിന്റെ അർത്ഥം എന്താണ്? Write two words that can be used in place of the word Golgotha. What is the meaning of the word Golgotha?

2. യേശു ക്രൂശിൽ കിടന്ന സമയത്ത് പ്രധാനമായി എന്തെല്ലാം സംഭവിച്ചു? What are the important events that took place when Jesus was on the cross?

3. യേശുവിന്റെ കല്ലറയ്ക്കു മുദ്രവയ്ക്കാനും, കാവൽ നിർത്തുവാനും ആവശ്യപ്പെട്ടത് ആര്? അവർ അങ്ങനെ ആവശ്യപ്പെടാൻ കാരണം എന്ത്? Who wanted Jesus' tomb to be sealed and kept under guard? Why?

4. യേശുവിന്റെ ക്രൂശുമരണംകൊണ്ട് നിങ്ങൾക്ക് എന്ത് പ്രയോജനം ഉണ്ടായിട്ടുണ്ട്? How does the death of Jesus apply to your life?

5. ക്രൂശുമരണം സ്വീകരിച്ച യേശുവിനുവേണ്ടി കഷ്ടങ്ങൾ സഹിക്കുവാൻ നിങ്ങൾ ഒരുക്കമാണോ? Are you ready to suffer for Jesus by dying on the cross?

**III. ക്രൂശിൽ കിടന്ന് യേശു പറഞ്ഞ മൊഴികൾ താഴെ കൊടുത്തിരിക്കുന്ന ക്രൂശിൽ എഴുതി നിറം കൊടുക്കുക. Write the seven sayings of Jesus on the cross and colour it.**

